## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3956 — 21. 06. 2019 ൽ മറുപടിക്ക്

### പള്ളുരുത്തി കെ.എസ്.ഇ.ബി. സെക്ഷനിൽ ജീവനക്കാരുടെ അപര്യാപ്തത

ചോദ്യം
ശ്രീ.എം.സ്വരാജ്

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പള്ളുരുത്തി കെ.എസ്.ഇ.ബി. സെക്ഷന് കീഴിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കുമോ; | (എ) പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷനിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം 15.06.2019-ലെ ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലെ സ്ഥിതി വിവരക്കണക്കനുസരിച്ച് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.<br>അസിസ്റ്റന്റ് എൻജിനീയർ — 1<br>സീനിയർ സൂപ്രണ്ട് — 1<br>സബ് എൻജിനീയർ (ഇല.) — 3<br>സീനിയർ അസിസ്റ്റന്റ് — 3<br>ഓവർസീയർ — 6<br>ക്യാഷ്യർ — 1<br>മീറ്റർ റീഡർ — 1<br>ലൈൻമാൻ — 12<br>ഇലക്ട്രിസിറ്റി വർക്കർ — 5<br>പി.റ്റി.സി സ്വീപ്പർ — 1<br>ആകെ — 34<br><br>കെ.എസ്.ഇ.ബി ലിമിറ്റഡിലെ 2019-ലെ ജനറൽ ട്രാൻസ്ഫർ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ ചില തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസം വരുവാൻ സാധ്യതയുണ്ട്. |
| (ബി) ഈസെക്ഷന് കീഴിൽ നിലവിലുള്ള മുപ്പതിനായിരത്തോളം ഉപഭോക്താക്കളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനും നിലവിലുള്ള ജീവനക്കാർ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി,സി). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളുരുത്തി സെക്ഷനിൽ ഏകദേശം 30,000 ഉപഭോക്താക്കളുണ്ട്. വൈദ്യുതി വിതരണത്തിനായി 90 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. കഴിഞ്ഞ വേനലിൽ വൈദ്യുതി ഉപഭോഗം വളരെ കൂടിയതും അതിനു ശേഷമുണ്ടായ കാറ്റും മഴയും മൂലവും തുടർച്ചയായ വൈദ്യുതി തടസ്സങ്ങൾ ഉണ്ടായപ്പോൾ വ്യാപകമായി പരാതികൾ ഉയർന്നു വന്നിരുന്നു. |

| | |
|---|---|
| (സി) നിലവിൽ ഈ സെക്ഷന് കീഴിൽ ഒട്ടേറെ പരാതികൾ ഉയരുന്നതും ജീവനക്കാരുടെ അഭാവം, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള തർക്കങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | |
| (ഡി) ഈ സെക്ഷൻ വിഭജിച്ച് ഇടക്കൊച്ചി സെക്ഷൻ രൂപീകരിക്കുന്നതുവരെ അധികമായി ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) 03.05.2019-ൽ ബഹു.ശ്രീ.ജോൺ ഫെർണാണ്ടസ് എം.എൽ.എ യുടെയും ശ്രീ.എം.സ്വരാജ് എം.എൽ.എ യുടെയും സാന്നിദ്ധ്യത്തിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും പള്ളുരുത്തി സെക്ഷൻ പരിധിയിലെ കൗൺസിലർമാരും പങ്കെടുത്ത യോഗത്തിൽ ഇടക്കൊച്ചി സെക്ഷൻ ഓഫീസിന് സൗജന്യമായി കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കെട്ടിടം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടം ലഭ്യമാക്കി പുതിയ ഓഫീസ് രൂപീകൃതമാകുന്നത് പ്രശ്നങ്ങൾക്ക് പരിഹാരമാകും .<br>നിലവിൽ മോഡൽ സെക്ഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ബോർഡ് ഉത്തരവു പ്രകാരമുള്ള ജീവനക്കാരെ മാത്രമേ പള്ളുരുത്തി സെക്ഷനിൽ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ . |

സെക്ഷൻ ഓഫീസർ